കുറുവ പഞ്ചായത്തിലെ കടിവെള്ള പദ്ധതി

211 (1629) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാ പഞ്ചായത്ത് മുഖേന കുറുവ പഞ്ചായത്തിലെ കളത്തിൽ ചാളക്കൽ, കാശാവൻകാട് കോളനികൾക്ക് കുടിവെള്ളമെത്തിക്കുന്നതിനായി 2013-14 വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും വല്ല തുകയും അനുവദിച്ചിട്ടുണ്ടായിരുന്നോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയായിരുന്നു അനുവദിച്ചിരുന്നത് ;

(സി) ഈ പ്രവൃത്തിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആരാണ് ;

(ഡി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ടെൻഡർ എടുത്ത വ്യക്തിയുടെ പേരും വിലാസവും വ്യക്തമാക്കാമോ ;

(എഫ്) ഈ പദ്ധതിക്കായുള്ള ജലസ്രോതസ്സ് എവിടെയാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ജി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതി നിലവിൽ കുറുവ പഞ്ചായത്തിലുള്ള ജലനിധി പദ്ധതിയുമായി ബന്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 35,50,000 രൂപ

(സി) എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം. നിർവ്വഹണ ഏജൻസിയായ മലപ്പുറം വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) M/s. MKS Contracting Company Pvt. Ltd., പഴമള്ളൂർ പി.ഒ., കൂട്ടിലങ്ങാടി മലപ്പുറം.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കറുവ ഗ്രാമ പഞ്ചായത്തിലെ മേലെകളമ്പ് പള്ളിപ്പടി അങ്ങാടിയിൽ നിലവിലുള്ള 150 mm വ്യാസമുള്ള കഴൽകിണർ.

(ജി) ഉണ്ട്. പമ്പിംഗ് മെയിൻ, ജലസംഭരണി, വിതരണ ശൃംഖല, ബൂത്ത് പമ്പ് ഹൗസ് എന്നിവ സ്ഥാപിച്ചുകഴിഞ്ഞു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി നിലവിൽ കറുവ പഞ്ചായത്തിലെ ജലനിധി പദ്ധതിയുമായി ബന്ധിപ്പിക്കാൻ തീരുമാനമെടുത്തതായി കാണുന്നില്ല. എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

കെട്ടിട നികുതി കുറവ് ചെയ്യുന്നത് സംബന്ധിച്ച്

112 (1630) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ, ചെറിയനാട്, നെടുവരംകോട്, ഇരമത്തിമേൽ, ചിറമേൽ വീട്ടിൽ ശ്രീമാൻ സി. ഐ. തോമസ്, കെട്ടിട നികുതി കുറവ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 29-2-2012-ലെ ആലപ്പുഴ ജില്ലാ കളക്ടറുടെ എൽഡിസി/7821/12/എം3 കത്തിൽ പരാമർശിച്ചിരിക്കുന്നത് അസസ്സ്മെന്റ് രജിസ്റ്ററിൽ 12-10-2010-ൽ ടി പഞ്ചായത്ത് പ്രസിഡന്റ്, പുനഃപരിശോധിക്കണമെന്ന് വ്യക്തിവൈരാഗ്യംമൂലം എഴുതിച്ചേർത്തിരുന്നതിനാലാണ് എന്ന് വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 12-5-2014-ൽ ചെറിയനാട് പഞ്ചായത്ത് സെക്രട്ടറി സി3/69/14 നമ്പർ കത്ത് പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപാകത പരിഹരിക്കുവാനായി നിയമാനുസൃത നിർദ്ദേശങ്ങൾക്കും സൃഷ്ടീകരണത്തിനുമായി സമർപ്പിച്ചിരുന്ന റിപ്പോർട്ടിൻമേൽ കഴിഞ്ഞ എട്ട് മാസക്കാലമായി യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ 27-5-2014-ലെ സി1/5204/14 ഫയലിൻമേൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ; വിശദീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly